ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu,
Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/3 .2025 February 28, 2025

# നോമ്പിന്റെ പശ്ചാത്താപത്തിൽ... വചനത്തിന്റെ മഴയിൽ

പ്രിയപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ;

''ദൈവത്തിന്റെ വചനം നിന്റെ പാദങ്ങൾക്ക് വിളക്കും വഴിയിൽ പ്രകാശവുമായിരിക്കട്ടെ'' എന്നാണ് മിക്ക കൂദാശകളിലും, കൂദാശാനുകരണങ്ങളിലും നാം ആവർത്തിക്കുന്നത്. നമ്മെ മുൻപോട്ട് നയിക്കുന്ന ശക്തി വചനമായിരിക്കണം എന്നതാണ് നമ്മുടെ പ്രാർത്ഥന. വചനം നമ്മിൽ ശുദ്ധി ഉളവാക്കുന്നു; ധൈര്യം പകരുന്നു. തളർച്ച മാറ്റുന്നു; സഹിക്കുവാൻ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ ജീവിതം ക്രിസ്തു സുഗന്ധപൂരിതമാക്കുന്നു.

നോമ്പുകാലം സമാഗതമായി. ദൈവത്തിന്റെ മടിയിലേക്കുള്ള മടക്കയാത്രയായിട്ടാണ് നോമ്പിനെ കാണേണ്ടത്. ഞാൻ ആരാണെന്ന് വീണ്ടും തിരിച്ചറിയുവാൻ, എന്റെ ദൈവം എന്റെ ജീവിതത്തിൽ എത്രമാത്രം ഇടപെടുന്നു എന്ന് കുറേക്കൂടി ആഴമായി മനസ്സിലാക്കുവാൻ, എന്റെ അടുത്ത് നിൽക്കുന്ന വ്യക്തി ആരാണെന്ന് വിശ്വാസത്തിൽ കണ്ടെത്തുവാൻ നോമ്പുകാലം എത്തുന്നു. ചാരം പൂശി, പശ്ചാത്താപത്തോടെ നോമ്പിലേക്ക് നമുക്ക് പ്രവേശിക്കാം.

ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ചതുകൊണ്ട് തന്റെ ഏകജാതനെ നമുക്ക് നൽകി. ആ ഏകജാതൻ നമ്മുടെ ഇടയിൽ ആയിരുന്നപ്പോൾ നമുക്ക് നൽകിയത് ഒരു തത്വചിന്തയല്ല; ഒരു ജീവിതമാർഗ്ഗമാണ്. നമ്മൾ നടക്കേണ്ട വഴികൾ അവൻ നമ്മളെ പഠിപ്പിച്ചു. വൈരാഗ്യം വെടിയാൻ, കൂട്ടി വയ്ക്കാതെ പകുത്തു നൽകുവാൻ, സഹനങ്ങളിൽ ധൈര്യശാലികളാകുവാൻ, അപരനെക്കുറിച്ച് കരുതലുണ്ടാകുവാൻ അവിടുന്ന് നമുക്ക് മാർഗ്ഗം കാണിച്ചു തന്നു. ആ വഴിയിലേക്കുള്ള നടന്നു കയറലാണ് നോമ്പുകാലം.

നോമ്പിന് നമ്മളെ ഒരുക്കുവാൻ രൂപതാ ബൈബിൾ കൺവെൻഷൻ നാം വീണ്ടും ആരംഭിക്കുന്നു. അത് നടക്കുന്നത് ***മാർച്ച് 29,30,31*** തീയതികളിൽ ധർമ്മാരാം ക്രൈസ്റ്റ് CBSE സ്ക്കൂൾ ഓഡിറ്റോറിയത്തിലാണ്. വൈകിട്ട് 3.45 മുതൽ രാത്രി 8 മണി വരെയാണ് സമയം. ആ വചനമാരിയിലേക്ക് എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. വചനത്തിന് മാത്രമേ നമ്മുടെ ജീവിതങ്ങളെ മാറ്റുവാൻ സാധിക്കുകയുള്ളൂ.

ഈ ബൈബിൾ കൺവെൻഷന് ഒരുക്കമായി നമുക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യണം.

1. വലിയ നോമ്പിലാണ് ബൈബിൾ കൺവെൻഷൻ നടത്തുക. ആ ദിവസങ്ങളിൽ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും അവരവരുടെ പരിപാടികൾ കഴിവതും ഒഴിവാക്കി ബൈബിൾ കൺവെൻഷന് വരുവാൻ സൗകര്യം ഒരുക്കണം.

2. കൺവെൻഷനിൽ പങ്കെടുക്കുന്ന എല്ലാവരും സമ്പൂർണ്ണ ബൈബിൾ കൊണ്ടു വരണം.

3. വികാരിയച്ചന്മാർ നേതൃത്വം നൽകുന്ന ഒരു ടീമിനെ തിരഞ്ഞെടുത്ത് കൺവെൻഷനുവേണ്ടി പോരുന്ന ആളുകളുടെ യാത്രാസൗകര്യം സുഗമമാക്കണം. അകലെയുള്ളവർ ഒരുമിച്ച് വരുന്നത്, പാർക്കിംഗ് സൗകര്യം കൂടുതൽ ഉപകാരപ്രദമായി ഉപയോഗിക്കുവാൻ സാധിക്കും.

4. എല്ലാ ഇടവകകളിലേക്കും ബൈബിൾ കൺവെൻഷൻ ബാനറുകളും പോസ്റ്ററുകളും നോ

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

ട്രീസുകളും എത്തിച്ചു തരും. അവ പരമാവധി ആളുകളിലേക്ക് എത്തിക്കുമല്ലോ.

5. നമ്മുടെ കൂട്ടായ്മയുടെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമായി സാധിക്കുന്ന എല്ലാ വൈദികരും സിസ്റ്റേഴ്സും ഇപ്പോൾതന്നെ ഈ തീയതികൾ കുറിച്ചിടുകയും വന്ന് പങ്കെടുക്കുകയും ചെയ്യണം. മലയാളം മനസ്സിലാവുന്ന എല്ലാവർക്കും ഈ കൺവെൻഷനിലേക്ക് സ്വാഗതം.

6. സാധിക്കുന്നിടത്തോളം യുവജനങ്ങളെ സഹകാരികളാക്കി, അവരുടെ സേവനം കൺവെൻഷൻ ദിവസങ്ങളിൽ ലഭ്യമാക്കാൻ നമുക്ക് യുവജനകമ്മീഷനോട് ചേർന്ന് കൂട്ടായ പ്രവർത്തനം നടത്തണം.

7. ബൈബിൾ കൺവെൻഷനെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ ബഹു. റെജി കൂടപ്പാട്ടച്ചനെ വിളിച്ച് പറയണം.

ബൈബിൾ കൺവെൻഷന്റെ സവിശേഷമായ ഒരു പ്രത്യേകത അത് രൂപതയിലെ എല്ലാവരെയും ഒരു പ്രാർത്ഥനാകൂട്ടായ്മയിലേക്ക് ക്ഷണിക്കുന്നു എന്നുള്ളതാണ്. നാം ഒന്നാണ് എന്ന് ക്രിസ്തുനാമത്തിൽ വിളിച്ചു പറയുന്ന സമയം. സാധിക്കുന്ന എല്ലാവരും വരിക; പങ്കെടുക്കുക; വിശ്വാസം പ്രഘോഷിക്കുക.

ഈ വർഷത്തെ നോമ്പുകാലത്ത് ഏറ്റെടുക്കുവാൻ പറ്റിയ ഒരു ചെറിയ ത്യാഗപ്രവൃത്തി ഞാൻ ഇവിടെ കുറിയ്ക്കട്ടെ. അടുത്ത അൻപത് ദിവസങ്ങളിലുണ്ടാകുന്ന അസൗകര്യങ്ങളെ-മറ്റുള്ളവരുടെ ശ്രദ്ധക്കുറവുമൂലം ഉണ്ടാകുന്നതുൾപ്പെടെ, പിറുപിറുക്കാതെ സ്നേഹത്തോടെ സ്വീകരിക്കുവാൻ നമുക്ക് ശ്രമിക്കാം. ആഹാരം വൈകുകയോ, അത്യാവശ്യമായി നമുക്ക് ലഭിക്കേണ്ട മറുപടി ലഭിക്കാതിരിക്കുകയോ, നമ്മൾ ചിന്തിച്ചിട്ടുപോലുമില്ലാത്ത കാര്യങ്ങളെക്കുറിച്ച് നമ്മെ കുറ്റപ്പെടുത്തുകയോ, നമ്മളെ കാര്യമായി പരിഗണിക്കേണ്ടവർ മനഃപൂർവ്വം അവഗണിക്കുകയോ ഒക്കെ സംഭവിക്കുമ്പോൾ ദേഷ്യവും, വെറുപ്പും തോന്നിയാൽപ്പോലും നമ്മെപ്രതി സഹിച്ച മിശിഹായെ ഓർത്ത് സന്തോഷത്തോടെ ഏറ്റെടുക്കുക. ഇതൊന്നും നമ്മുടെ ജീവിതത്തിന്റെ അന്ത്യമല്ല. മനുഷ്യബന്ധങ്ങളെ മഹനീയമായി കാണുക. നിങ്ങൾ സാവധാനം ക്രിസ്തുവിനെ ധരിക്കുന്നവരാകും.
ഈശോ നമ്മളെ അനുഗ്രഹിക്കട്ടെ.

വാത്സല്യത്തോടെ,

**സെബാസ്റ്റ്യൻ പിതാവ്**
മണ്ഡ്യ രൂപത മെത്രാൻ

*ഈ സർക്കുലർ 2025 മാർച്ച് 2-ാം തീയതിയോ 9-ാം തീയതിയോ നമ്മുടെ രൂപതയിലെ എല്ലാ പളളികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കുകയും ബന്ധപ്പെട്ട ഇടവക സമിതികളിൽ ഉചിതമായ സമയത്ത് റിപ്പോർട്ട് ചെയ്യുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യുകയും ചെയ്യുമല്ലോ.*